# space

## DIGITAL MAGAZINE

**2022-25**



## GHSS KOROM

# ആമുഖം

നമ്മുടെ സ്കൂളിലെ വിദ്യാർത്ഥികളിലെ സർഗ്ഗാത്മകമായ കഴിവുകളെ പരിപോഷിപ്പിച്ച് അവർക്ക് തങ്ങളുടെ രചനകൾ പ്രകാശിപ്പിക്കാനായി ഒരിടം എന്ന നിലയിൽ സ്കൂളിലെ ലിറ്റിൽകൈറ്റ്സിന്റെ നേതൃത്വത്തിൽ ഒരുക്കുന്ന ഈ ഡിജിറ്റൽ പുസ്തകത്തിൽ കുട്ടികളുടെ

മികച്ചരചനകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കുട്ടികളിലെ എഴുതാനുള്ള കഴിവിനൊപ്പം കംപ്യൂട്ടർ പരിജ്ഞാനവും കോർത്തിണക്കി അവർനിർമ്മിച്ച ഈ പുസ്തകം

വൈവിധ്യംകൊണ്ട് ശ്രദ്ധേയമാണ്. പഠനപ്രവർത്ത നത്തിനൊപ്പം പാഠ്യേതരപ്രവർത്തനങ്ങളിലെ മികവ് ഈ പുസ്കതത്തിലെ ഓരോ താളുകളിലും

കാണാവുന്നതാണ്...

**ആശംസ...**

നമ്മുടെ സ്കൂളിലെ വിദ്യാർത്ഥികളിലെ സർഗ്ഗാത്മ

കമായ കഴിവ് തെളിയിക്കുന്ന ഈ പുസ്തകത്തിന്

എല്ലാവിധ ആശംസകളും നേരുന്നു

അനൂപ് കുമാർ.കെ.പി
പ്രിൻസിപ്പാൾ
ജി.എച്ച്.എസ്.എസ്.കോറോം

**ആശംസ...**

നമ്മുടെ സ്കൂളിലെ വിദ്യാർത്ഥികളുടെ രചനകൾ
ഉൾക്കൊള്ളിച്ച ഡിജിറ്റൽ മാഗസിനിന്
എല്ലാവിധ ആശംസകളും നേരുന്നു

എന്ന്

സന്തോഷ് കുമാർ.പി.കെ
ഹെഡ് മാസ്റ്റർ

ജി.എച്ച്.എസ്.എസ്.കോറോം

## ഉള്ളടക്കം

കവിത

കഥ

ലേഖനം

കുട്ടിക്കവിത

ശാസ്ത്രലേഖനം

കണ്ടുപിടുത്തങ്ങൾ

**GHSS KOROM**

**2022-25**

# അജ്ഞാതമാ കരച്ചിൽ

## ജാജ്വല പി

**അ**വിടെ നിന്നൊരലർച്ച ഞാൻ കേട്ടു.

അതെന്റെ കാതോരങ്ങൾ കരച്ചിലായി കേട്ടു
ആരെന്നും എന്തെന്നും ഞാൻ തിരഞ്ഞു
എത്തി ഞാൻ ഒടുവിലാ-
വിലാപ മനസ്സിന്റെ മുൻപിൽ
വിരളമായി മുരടിച്ച ചെടിയുടെ മുൻപിൽ
തേങ്ങലായി അലയിട്ടടിച്ച ആ മുരൾച്ച
മുരളുന്ന വണ്ടിന്റെ അജ്ഞാതമാം
വിലാപത്തിനർത്ഥം തിരക്കി ഞാൻ
തേൻകനിയും തൻ പ്രിയർക്കായുള്ള യാത്ര-
യ്യൊടുവിൽ ഇല കൊഴിഞ്ഞ മരത്തിനെപ്പോൽ
കാട്ടിൽ തിരഞ്ഞു.തൊടിയിൽ തിരഞ്ഞു
ഒടുവിൽ നാട്ടിലും വീട്ടിലും തിരഞ്ഞു
മുരടിച്ചുണങ്ങിയ ചെടികൾ മാത്രം
ചേലേറും താരുതൻ ശിഷ്ടവും ഇല്ലത്രേ
അലയടിക്കുന്ന സുഗന്ധവും കനിയുന്ന മധുവും
മനസ്സും ഓർമ്മയായി തോഴരേ
എന്നലയടിക്കുന്നവാ സാധുവാം ഭ്രമരം
ആശ്വസിപ്പിക്കുവാൻ വാക്കുകളില്ലാതെ
തിരിഞ്ഞു ഞാൻ തുടർന്നുവെൻ യാത്ര
അപ്പോഴും മനസ്സെന്നോട് ചോദിച്ചു
ആരു കൊഴിച്ചെടുത്തുവാ പൂക്കളെ

# എന്റെ ബാല്യം

**അനുനന്ദ ടി വി**

"**വി**ദ്യകൾ അഭ്യസിച്ചീടുന്ന കാലം
പേനയും ബുക്കും ഉണർത്തുന്ന കാലം!
കൂട്ടുകാരൊത്തുള്ള സുന്ദര ജീവിതം
ഓർമ്മപ്പെടുത്തുന്ന എന്നുള്ളിലെന്നെ
പാഠങ്ങളോരോന്നേ എണ്ണിപ്പഠിച്ചീടും
കൂട്ടത്തിൽ സങ്കടം തള്ളിക്കളഞ്ഞീടും
ഒന്നിച്ചിരുന്നുള്ള കളികളും പിന്നെയാ
ഒന്നിച്ചിരുന്നുള്ള ഭക്ഷണകലഹവും
ഓർക്കുന്ന എന്നെന്നും സാന്ദ്രമാം ജീവിതം
ജീവൻ നിലയ്ക്കുന്ന ഓരോ നിമിഷവും
പിന്തള്ളി നിൽക്കുന്ന എന്നുടെ ബാല്യം!
ജീവിതചിന്തയ്ക്ക് ആസ്വാദ്യമാം വിധം
പിന്നിലേക്കോർക്കുന്ന സുന്ദര ബാല്യം!”

# അവൾ

**ശിവന്യ പി**

**നി**ശാശലഭത്തെ പോലെ അവളും പറന്നു നടന്നു. ഇരുളിന്റെ ആഴങ്ങളിലേക്കായി. അത് ഒരു അമാവാസി ദിനമായിരുന്നു.അവനും അവൾക്കും ഇന്നുകൂടി മാത്രമേ ഒരുമിച്ച് ചെലവാക്കാനാവൂ.കാരണം രക്താർബുദത്തിന്റെ അർത്ഥതലങ്ങൾ അവനെ പിടികൂടിയിരിക്കുന്നു.തന്നെ പ്രതീക്ഷിച്ചു നിൽക്കുന്ന ഒരേ ഒരു കുടുംബത്തിന്റെ പ്രതീക്ഷയും അവനിലായിരുന്നു.അവൻ ലോകത്തെ അറിഞ്ഞില്ല.അറിയും മുന്നേ അവനെ വിധി എന്ന വില്ലൻ തിരിച്ചെടുക്കുന്നു.ഇനി ആ കുടുംബത്തിന്റെ പ്രതീക്ഷ അവളിലാണ്.

ഒരാഴ്ച്ചക്ക് ശേഷം ഒരു കറുത്ത ദിനത്തിൽ മരണത്തോട് മല്ലടിക്കുകയാണ്. ജീവിതത്തിലെ അവസാന ശ്വാസം അവൻ സ്വീകരിക്കുന്നു എല്ലാം അവസാനിച്ചു.

# ഏകാന്തത

**അശ്വതി കൃഷ്ണ എം**

**ഇ**ലകൾ മന്ത്രിക്കുന്നു

തഴുകിയെത്തുന്ന കാറ്റാല-

വൾ ആടിയുലയുന്നു

എന്നോടവൾ മൊഴിഞ്ഞു

എന്തേ നീയിവിടെ തനിച്ച്?

എവിടെ നിൻ മിത്രങ്ങൾ?

മറുപടിയായി ഞാൻ ചൊല്ലി

ഞാനേകയാണ്

കൂട്ടിനാളില്ലാതെ

അതുപോൽ, നീയുമേകയാണ്

ആർക്കായോ നീ ഉലയുന്നു

ആർക്കായോ നീ ശബ്ദിക്കുന്നു

നിനക്ക് ഞാനും എനിക്ക്

നീയും മാത്രമാണിവിടെ

നീയും ഞാനും തനിച്ചീ വരാന്തയിൽ

ആർക്കൊക്കെയോ വേണ്ടി

കാത്തിരിക്കുന്ന രണ്ടാത്മാക്കൾ

നീയും ഞാനും

# അമ്മ

**ശിവന്യ പി**

**ഏ**കയാണമ്മ, മൂകയാണമ്മ

ഇരുളിന്റെ താളിൽ,വഴികാട്ടിയാണമ്മ

നന്മ തൻ അണയാത്ത തിരിനാളങ്ങൾ

പോലെ തിളങ്ങി ശോഭ നൽകുമെന്നമ്മയും

ജീവിതചിന്തയിൽ കൂടെ നിൽക്കാനും

ആശ്വാസവാക്കുകൾ പകർന്നീടുവാനും

നിന്നെപ്പോലാരുമില്ലെന്നമ്മേ...

എന്റെ വാക്കുകൾ നീ ശ്രവിച്ചിടുമ്പോൾ

എന്റെ ഹൃദയം തുടിക്കുന്നു

അമ്മേ എൻ അമ്മേ...

നോവിന്റെ എന്നിലെ നൊമ്പരമ്മ...

# ഉത്സവ തലേന്ന്

## കൃഷ്ണവേണി

**അ**പ്രത്തെ രാധികപ്പെണ്ണിന്റെ

പൊൻ വള ഇപ്രത്തെ
രാമൂന്റെ ഭാര്യക്ക് വേണം
ഇട്ടണിഞ്ഞൊന്ന് വിലസണം ഭാര്യയ്ക്ക്
ഇന്നേക്ക് മാത്രം തരുമോ എൻ രാധികേ...

രാമൂന്റെ പുന്നാര വാക്കുകൾ കേട്ട്
പൊൻവള രാമൂന്റെ കൈയിൽ കൊടുത്തു
അപ്രത്തെ നാട്ടില് ഉത്സവമുണ്ട് പോൽ
ഇപ്രത്തെ നാട്ടാരണിഞ്ഞൊന്ന് പോകട്ടെ

ഉത്സവമല്ല ആൾക്കാര് കൂടുന്ന
എല്ലായിടത്തും നമുക്കൊന്ന് പോകണം
ഇട്ടണിഞ്ഞൊന്ന് വിലസണം ഇന്നേക്ക്
നാളേകേകേ പൊൻവള കൈയിന്ന് പോകും

അലമാരക്കള്ളിലെ സാരീന്റെ സെക്ഷനിൽ
നോക്കീട്ട് ഭാര്യ പറഞ്ഞത് ഇങ്ങനെ
എന്തൊരു കഷ്ടം ഭവാനെ നോക്കുവിൻ
നല്ലൊരു പുത്തൻ സാരിയുമില്ലല്ലോ

ഞാൻ കണ്ടു ഇന്നലെ മോഹൻ ചേട്ടന്റെ
ഭാര്യന്റെ കൈയിൽ ഒരു പുത്തൻ സാരി
ഒന്നത് കൊണ്ടുവാ എൻ പ്രിയ രാമുവേ
വേഗം അണിഞ്ഞൊന്ന് പോകാം നമുക്ക്

# ഭക്ഷണം=ആരോഗ്യം

## നന്ദഗോപൻ പി വി

**ഭ**ക്ഷ്യവിഷബാധ എന്നത് ഇപ്പോൾ കേട്ടുവരുന്ന വാർത്തകളിലൊന്നാണ്. നാം നട്ടുവളർത്തിയ കൃഷി നാം നട്ടുവളർത്തിയ വിഭവസാധനങ്ങൾ ഇവയൊക്കെ നമ്മൾ നൽകിയ പ്രാധാന്യവും അതിനനുയോജ്യമായ വിളവും നമ്മൾക്ക് അവ തിരിച്ച് തരുന്നു.ചിലയിടങ്ങളിൽ ഭക്ഷണങ്ങൾ കൊണ്ടുവന്ന് വിറ്റ് ചെലവാകാത്ത ബാക്കി ഭക്ഷണങ്ങൾ വിഷലായനി അടിച്ചുകൊണ്ട് മറ്റു സ്ഥലത്ത് കൊടുക്കുന്നു. ഇത്തരത്തിൽ ഭക്ഷണപ്രേമികൾ ഭക്ഷണത്തിനുള്ള ആർത്തി കാരണം ആശുപത്രിയിൽ അഡ്മിറ്റ് തുടർന്നുവരുന്നു. ഇതിനിടയ്ക്ക് കാസർഗോഡ് ഒരു പെൺകുട്ടി അൽഫാമും ചിക്കനും കഴിച്ച് ഭക്ഷ്യവിഷബാധയേറ്റ് മരിച്ചു. നമ്മൾ സമ്പാദിച്ചുണ്ടാക്കുന്ന വിളവാണ് നമ്മൾ കഴിക്കേണ്ടത്.ജൂൺ 5 ന് പലതരത്തിൽ മരങ്ങൾ നട്ടുപിടിപ്പിക്കുന്നു. അതിനുള്ളഫലം കിട്ടുകയും ചെയ്യും. ഇതൊക്കെ ഇപ്പോഴത്തെ മനുഷ്യരിൽ നിന്ന് കൈവിടുകയും മറ്റു രാജ്യങ്ങളെ നെല്ല്,ഗോതമ്പ് തുടങ്ങിയ വിഭവങ്ങൾക്കായി ആശ്രയിക്കേണ്ടിയും വരുന്നു.ഇങ്ങനെയാണ് ഭക്ഷ്യ സുരക്ഷാ പദ്ധതി ആവിഷ്കരിച്ചത്.ചിലയിടത്ത് നാടൻ വിഭവങ്ങൾ കഴിക്കാത്തവരും നോൺവെജ് കഴിക്കുന്നവരും ഉണ്ട്. ഇത്തരത്തിലുള്ള ഭക്ഷണം കഴിക്കാതെ നാടൻ ഭക്ഷണങ്ങളും സ്വയം നട്ടുവളർത്തിയതും കഴിക്കുക.